# ബ്രാഹ്മണ ജീവിതത്തിന്റെ അടിത്തറയും സഫലതയുടെ ആധാരവും - നിശ്ചയബുദ്ധി

ഇന്ന് സമർത്ഥനായ ബാബ നാനാവശത്തെയും സമർത്ഥരായ കുട്ടികളെയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഓരോ കുട്ടിയും സമർത്ഥനായി ബാബയ്ക്ക് സമാനമാകുന്നതിനുള്ള പുരുഷാർത്ഥത്തിൽ മുഴുകിയിരിക്കുകയാണ്. കുട്ടികളുടെ ഈ ലഹരി കണ്ട് ബാപ്ദാദയും സന്തോഷിക്കുന്നു. കുട്ടികളുടെ ഈ ദൃഢസങ്കല്പം ബാപ്ദാദയ്ക്കും പ്രിയപ്പെട്ടതായി തോന്നുന്നു. ബാപ്ദാദ കുട്ടികളോട് പറയുന്നതിതാണ്, കുട്ടികൾക്ക് ബാബയെക്കാളും മുന്നേറുവാൻ സാധിക്കും. എന്തുകൊണ്ടെന്നാൽ ഓർമ്മ ചിഹ്നത്തിന്റെ രൂപത്തിലും ബാബയുടെ പൂജ സിംഗിളാണ്(ഒറ്റക്കാണ്), താങ്കൾ കുട്ടികൾക്ക് ഡബിൾ പൂജയാണ്. ബാപ്ദാദയുടെ ശിരസ്സിലെ കിരീടധാരിയാണ്. ബാപ്ദാദ കുട്ടികളുടെ സ്വമാനം കണ്ട് പറയുന്നതിതാണ്, ആഹാ ശ്രേഷ്ഠ സ്വമാനധാരി, സ്വരാജ്യ അധികാരി കുട്ടികളേ ആഹാ ! ഓരോ കുട്ടികളുടെയും വിശേഷത ബാബയ്ക്ക് ഓരോ കുട്ടിയുടെയും മസ്തകത്തിൽ തിളങ്ങുന്നതായി കാണപ്പെടുന്നു. താങ്കളും തന്റെ വിശേഷത മനസ്സിലാക്കി, തിരിച്ചറിഞ്ഞ് വിശ്വ സേവനത്തിനായി ഉപയോഗിക്കൂ. പരിശോധിക്കണം, ഞാൻ പ്രഭുവിനു പ്രിയപ്പെട്ടതായും, പരിവാരത്തിനു പ്രിയപ്പെട്ടതായും എത്രത്തോളം മാറിയിട്ടുണ്ട് ? എന്തുകൊണ്ടെന്നാൽ സംഗമയുഗത്തിൽ ബാബ ബ്രാഹ്മണ പരിവാരത്തെയാണ് രചിക്കുന്നത്, അപ്പോൾ പ്രഭുവിനു പ്രിയപ്പെട്ടതാകുന്നതോടൊപ്പം തന്നെ പരിവാരത്തിന്റെ പ്രിയപ്പെട്ടതാകുന്നതും വളരെ ആവശ്യമാണ്.

ഇന്ന് ബാപ്ദാദ സർവ്വ കുട്ടികളുടെയും ബ്രാഹ്മണ ജീവിതത്തിന്റെ അടിത്തറ നോക്കുകയായിരുന്നു. അടിത്തറയാണ് നിശ്ചയബുദ്ധി. എപ്പോഴാണോ ഓരോ സങ്കല്പത്തിലും ഓരോ കാര്യത്തിലും നിശ്ചയമുള്ളത് അവിടെ വിജയം സുനിശ്ചിതമാണ്. സഫലത ജന്മസിദ്ധ അധികാരത്തിന്റെ രൂപത്തിൽ സ്വതവെയും സഹജമായും പ്രാപ്തമാണ്. ജന്മസിദ്ധ അധികാരത്തിനായി പ്രയത്നത്തിന്റെ ആവശ്യമില്ല. സഫലത ബ്രാഹ്മണജീവിതത്തിൽ കഴുത്തിലെ മാലയാണ്. ബ്രാഹ്മണ ജീവിതം തന്നെ സഫലതാ സ്വരൂപമാണ്. സഫലത ഉണ്ടാകുമോ ഇല്ലയോ എന്നൊരു ചോദ്യമേ ബ്രാഹ്മണ ജീവിതത്തിലില്ല. നിശ്ചയബുദ്ധികൾ സദാ ബാബയോടൊപ്പം കമ്പയിന്റായിരിക്കും, അപ്പോൾ എവിടെയാണോ ബാബ കമ്പയിന്റായിരിക്കുന്നത് അവിടെ സഫലത കൂടെ തന്നെയുണ്ട്. പരിശോധിക്കൂ, എത്രത്തോളം സഫലതാസ്വരൂപമായിട്ടുണ്ട്. അഥവാ സഫലതയിൽ ശതമാനമാണെങ്കിൽ അതിനുള്ള കാരണം നിശ്ചയത്തിൽ ശതമാനമാണ്. നിശ്ചയം കേവലം ബാബയിലുള്ളത് നല്ലതാണ്, എന്നാൽ നിശ്ചയം ബാബയിലും, സ്വയത്തിലും, ഡ്രാമയിലും, അതോടൊപ്പം പരിവാരത്തിലും ആവശ്യമാണ്. ഈ നാലു നിശ്ചയങ്ങളുടെ ആധാരത്തിലാണ്, സഹജമായും സ്വതവേയും സഫലതയുണ്ടാകുന്നത്.

എല്ലാ കുട്ടികൾക്കും ബാബയിൽ നിശ്ചയമുള്ളതുകൊണ്ടാണ് ഇങ്ങോട്ട് വന്നിരിക്കുന്നത്. ബാബയ്ക്കും താങ്കൾ കുട്ടികളിൽ നിശ്ചയമുണ്ട്, അതിനാലാണ് താങ്കളെ സ്വന്തമാക്കിയത്. എന്നാൽ ബ്രാഹ്മണജീവിതത്തിൽ സമ്പന്നവും സമ്പൂർണ്ണവുമാകുന്നതിനായി സ്വയത്തിലും നിശ്ചയം വളരെ ആവശ്യമാണ്. ബാപ്ദാദയിലൂടെ പ്രാപ്തമായ സ്വമാനം - ഞാൻ ശ്രേഷ്ഠാത്മാവാണെന്ന് സദാ സ്മൃതിയുണ്ടായിരിക്കണം. ഞാൻ പരമാത്മാവിലൂടെ പ്രാപ്തമാക്കിയ സ്വമാനധാരി ശ്രേഷ്ഠ ആത്മാവാണ്. സാധാരണ ആത്മാവല്ല. പരമാത്മ സ്വമാനധാരി ആത്മാവാണ്. അപ്പോൾ സ്വമാനം ഓരോ സങ്കല്പത്തിലും ഓരോ കർമ്മത്തിലും അവശ്യം സഫലത നൽകുന്നു. ഞാൻ സാധാരണ കർമ്മം ചെയ്യുന്ന ആത്മാവല്ല. സ്വമാനധാരിയാണ്. ഓരോ കർമ്മവും സ്വമാനത്തിലാണ് ചെയ്യുന്നതെങ്കിൽ താങ്കൾക്ക് സഹജമായും സഫലതയുണ്ടാകുന്നു. അപ്പോൾ സ്വയത്തിൽ നിശ്ചയബുദ്ധി ഉള്ളതിന്റെ അടയാളമാണ്, സഫലത അഥവാ വിജയം. അതേപോലെ ബാബയിൽ പക്കാ നിശ്ചയമുണ്ടല്ലോ. അതിന്റെ വിശേഷതയാണ്, **നിരന്തരം ഞാൻ ബാബയുടെത്, ബാബ എന്റെത്** . ഇതാണ് നിരന്തര വിജയത്തിന്റെ ആധാരം. കേവലം ബാബ എന്നല്ല, **എന്റെ ബാബ**. എന്റെത് എന്നുള്ളതിൽ അധികാരമുണ്ടാകുമല്ലോ. അപ്പോൾ എന്റെ ബാബ എന്ന നിശ്ചയബുദ്ധി ആത്മാക്കൾ, സദാ സഫലതയുടെയും വിജയത്തിന്റെയും അധികാരി ആത്മാക്കളായിരിക്കും. അതേപോലെ ഡ്രാമയിലും പൂർണ്ണ നിശ്ചയം ആവശ്യമാണ്. സഫലതയും സമസ്യയും രണ്ടു പ്രകാരത്തിലുള്ള കാര്യങ്ങളും ഡ്രാമയിൽ വരുന്നുണ്ട്. എന്നാൽ സമസ്യയുടെ സമയത്തും നിശ്ചയബുദ്ധി കുട്ടികളുടെ അടയാളമാണ് സമാധാന സ്വരൂപം. സമസ്യകളെ സെക്കന്റിൽ സമാധാനസ്വരൂപത്തിലേക്ക് പരിവർത്തനപ്പെടുത്തുക. സമസ്യയുടെ ജോലിയാണ് വരിക, നിശ്ചയബുദ്ധി കുട്ടികളുടെ ജോലിയാണ്, സമാധാന സ്വരൂപത്തിലൂടെ സമസ്യകളെ പരിവർത്തനപ്പെടുത്തുക എന്നുള്ളത്. എന്തുകൊണ്ടെന്നാൽ താങ്കൾ ഓരോ ബ്രാഹ്മണ ആത്മാവും ബ്രാഹ്മണ ജന്മം നേടിയ ഉടൻ തന്നെ മായയെ വെല്ലു വിളിച്ചിട്ടുണ്ട്. ചെയ്തിട്ടില്ലേ അതോ മറന്നു പോയോ? വെല്ലുവിളി

ഇതാണ് നമ്മൾ മായാജീത്താകുന്നവരാണ്. അപ്പോൾ സമസ്യകളുടെ സ്വരൂപം അർത്ഥം മായയുടെ സ്വരൂപമാണ്. വെല്ലുവിളിച്ചു എങ്കിൽ മായ നേരിടുക തന്നെ ചെയ്യുമല്ലോ. മായ ഭിന്ന-ഭിന്ന സ്വരൂപത്തിൽ താങ്കളുടെ വെല്ലുവിളി പൂർത്തിയാക്കുന്നതിനായി വരിക തന്നെ ചെയ്യും. താങ്കൾക്ക് നിശ്ചയബുദ്ധി വിജയിസ്വരൂപത്തിൽ മറികടക്കുക തന്നെ വേണം. എന്തുകൊണ്ട്? ഒന്നും പുതിയതല്ല. എത്ര തവണ വിജയിച്ചതാണ് ? ഇപ്പോൾ ഒരു തവണ സംഗമത്തിൽ മാത്രമാണോ വിജയിച്ചത്, അതോ അനേക തവണയുള്ളത് ആവർത്തിച്ചത് മാത്രമാണോ? അതിനാൽ സമസ്യകൾ താങ്കൾക്ക് ഒരു പുതിയ കാര്യമല്ല, നത്തിംഗ് ന്യൂ. അനേക തവണ വിജയിയായിട്ടുണ്ട്, ആയിക്കൊണ്ടിരിക്കുന്നു, ഇനിയും വിജയിയാകുക തന്നെ ചെയ്യും. ഇതാണ് ഡ്രാമയിൽ നിശ്ചയബുദ്ധി വിജയികളുടെ അടയാളം. അടുത്തതാണ് ബ്രാഹ്മണ പരിവാരത്തിൽ നിശ്ചയം. എന്തുകൊണ്ട്? ബ്രാഹ്മണ പരിവാരത്തിന്റെ അർത്ഥം തന്നെ സംഘടന അഥവാ കൂട്ടായ്മ എന്നാണ്. ചെറിയ പരിവാരമല്ല, ബ്രഹ്മാബാബയുടെ ബ്രാഹ്മണപരിവാരം സർവ്വ പരിവാരങ്ങളിലും വെച്ച് ശ്രേഷ്ഠവും വലുതുമാണ്. അപ്പോൾ പരിവാരത്തിനിടയിൽ, പരിവാരത്തിന്റെ പ്രീതി നിറവേറ്റുന്നതിൽ തന്നെയാണ് വിജയിയാകേണ്ടത്. അല്ലാതെ ഇങ്ങനെയല്ല, ഞാൻ ബാബയുടെത് ബാബ എന്റേത് അതു മതി, ബാബയുമായാണ് എനിക്ക് കാര്യം, പരിവാരവുമായി എന്തു കാര്യമാണുള്ളത്? ഇതിലും നിശ്ചയത്തിന്റെ വിശേഷതയാണ്. നാലു കാര്യങ്ങളിലും നിശ്ചയമുണ്ടെങ്കിൽ വിജയം അവശ്യം ലഭിക്കുന്നു. പരിവാരവും നമ്മെ പല കാര്യങ്ങളിലും ഉറപ്പുള്ളതാക്കി മാറ്റുന്നു. കേവലം പരിവാരത്തിലും ഈ സ്മൃതിയുണ്ടാകണം, എല്ലാവരും അവരവരുടെതായ രീതിയിൽ സംഖ്യാക്രമത്തിലുള്ള ധാരണാ സ്വരൂപരാണ്. വൈവിധ്യമാണ്. ഇതിന്റെ ഓർമ്മ ചിഹ്നമാണ് 108 മുത്തുള്ള മാല. ചിന്തിക്കൂ, ഒന്നാം നമ്പറിലുള്ള മുത്തും 108 നമ്പറിലുള്ള മുത്തും. എന്തുകൊണ്ടാണിങ്ങനെ? എല്ലാ മുത്തുകളും ഒന്നാം സ്ഥാനത്തേക്ക് എന്തുകൊണ്ട് വന്നില്ല? 16,000 എന്തു കൊണ്ടുണ്ടായി? കാരണം? വിവിധ സംസ്കാരങ്ങളെ മനസ്സിലാക്കി വിവേകശാലികളായി മുന്നോട്ടു പോകണം, നിറവേറ്റണം, ഇതാണ് വിജയി സ്ഥിതി. എന്തായാലും മുന്നോട്ടു പോയെ മതിയാകൂ. പരിവാരത്തെ ഉപേക്ഷിച്ച് എങ്ങോട്ട് പോകാനാണ്. നമ്മുടെത് ഇത്രയും വലിയ പരിവാരമാണെന്നുള്ള ലഹരിയുമുണ്ടല്ലോ.. അപ്പോൾ ഈ വലിയ പരിവാരത്തിൽ വിശാല ഹൃദയത്തോടെ ഓരോരുത്തരുടെയും സംസ്കാരത്തെ മനസ്സിലാക്കി വേണം ജീവിക്കാൻ. വിനയത്തോടെ പോകണം. ശുഭഭാവന ശുഭകാമനയുടെ വൃത്തിയോടെ മുന്നേറണം.... ഇതാണ് പരിവാരത്തിൽ നിശ്ചയ ബുദ്ധി വിജയി കുട്ടികളുടെ അടയാളം. അപ്പോൾ എല്ലാവരും വിജയിയല്ലേ... വിജയിയാണോ?

ഡബിൾ വിദേശികൾ വിജയിയാണോ? കൈകൾ നന്നായി വീശുന്നുണ്ടല്ലോ. വളരെ നല്ലത്. ബാപ്ദാദയ്ക്ക് സന്തോഷമുണ്ട്. ശരി. ടീച്ചേഴ്സ് വിജയിയാണോ? അതോ കുറച്ച്-കുറച്ചാണോ? എന്തുചെയ്യും? എന്നല്ല, എങ്ങനെ എന്നുള്ളതിനു പകരം ഇങ്ങനെ എന്ന വാക്ക് ഉപയോഗിക്കൂ. എങ്ങനെ ചെയ്യുമെന്നല്ല. ഇങ്ങനെ ചെയ്യും എന്നായിരിക്കണം. 21 ജന്മങ്ങൾ പരിവാരവുമായി ബന്ധമുണ്ട്. അതിനാൽ ആരാണോ പരിവാരത്തിന്റെ കാര്യത്തിൽ വിജയി, അവർ എല്ലാ കാര്യത്തിലും വിജയിയാണ്.

അപ്പോൾ നാലു പ്രകാരത്തിലുള്ള നിശ്ചയവും പരിശോധിക്കൂ. എന്തുകൊണ്ടെന്നാൽ പ്രഭു പ്രിയർക്കൊപ്പം തന്നെ പരിവാരത്തിനും പ്രിയപ്പെട്ടവരായിരിക്കേണ്ടത് അത്യാവശ്യമാണ്. നമ്പർ ലഭിക്കുന്നത്, ഈ നാലു നിശ്ചങ്ങളുടെ ശതമാനത്തിനനുസരിച്ചായിരിക്കും. അല്ലാതെ ഞാൻ ബാബയുടെത്, ബാബ എന്റേത് ഇത് മാത്രം മതി എന്ന് ചിന്തിക്കരുത്. എന്റെ ബാബ എന്ന് വളരെ നന്നായി പറയുന്നുണ്ട്. സദാ ഈ നിശ്ചയത്തിൽ ദൃഢവുമാണ്. ഇതിനായി ആശംസകൾ... എന്നാൽ ബാക്കി മൂന്നും ശ്രദ്ധിക്കണം. ടീച്ചേഴ്സ് പറയൂ, ബാക്കി മൂന്നും ആവശ്യമല്ലേ? അല്ലാതെ മൂന്നും ആവശ്യമാണ് ഒന്നു മാത്രം വേണ്ട എന്നുമല്ല. നാലു നിശ്ചയവും അത്യാവശ്യമാണെന്ന് മനസ്സിലാക്കുന്നവർ കൈകൾ ഉയർത്തൂ. എല്ലാവർക്കും ഈ നാലു കാര്യങ്ങളും ഇഷ്ടമാണോ? ആർക്കാണോ മൂന്നു കാര്യങ്ങൾ മാത്രം ഇഷ്ടമുള്ളത്, അവർ കൈകൾ ഉയർത്തൂ... ആരുമില്ല. നിറവേറ്റാൻ ബുദ്ധിമുട്ടില്ലല്ലോ? വളരെ നല്ലത്. അഥവാ ഹൃദയത്തിൽ നിന്നും ആത്മാർത്ഥമായി കൈകൾ ഉയർത്തിയാൽ എല്ലാവരും പാസ്സായി. ശരി.

നോക്കൂ, എവിടെന്നെല്ലാമാണ്, ഭിന്ന-ഭിന്ന ദേശത്തിലെ ശാഖകൾ ഒരുമിച്ച് ചേർന്ന് മധുബനിൽ ഒരു വൃക്ഷമായിത്തീരുന്നു. മധുബനിൽ വരുമ്പോൾ ഈ സ്മൃതിയുണ്ടാകുമോ - ഞാൻ ദില്ലിയാണ്, ഞാൻ കർണ്ണാടകത്തിൽ നിന്നാണ്, ഞാൻ ഗുജറാത്തിയാണ്... എന്നൊക്കെ. എല്ലാവരും മധുബൻ നിവാസികളാണ്. അപ്പോൾ ഒരു വൃക്ഷത്തിലേതായി. ഈ സമയം എല്ലാവരും എന്താണ് മനസ്സിലാക്കുന്നത്, മധുബൻ നിവാസി എന്നാണോ അതോ അവരവരുടെ ദേശത്തിലെ വാസികൾ എന്നാണോ? മധുബൻ നിവാസികളല്ലേ? എല്ലാവരും മധുബൻ നിവാസികളാണ്, വളരെ നല്ലത്. ഓരോ ബ്രാഹ്മണന്റെയും യഥാർത്ഥ മേൽവിലാസം മധുബൻ തന്നെയല്ലേ. താങ്കളുടെ യഥാർത്ഥ മേൽവിലാസം ഏതാണ്? ബോംബെ ആണോ, ദില്ലിയാണോ, പഞ്ചാബാണോ? മധുബനാണ് നിങ്ങളുടെ യഥാർത്ഥ മേൽവിലാസം. ബാക്കി എല്ലാവരെയും സേവനത്തിനായാണ് ഓരോ സേവാകേന്ദ്രങ്ങളിലേക്ക് പറഞ്ഞയച്ചിരിക്കുന്നത്. അത് സേവാസ്ഥാനമാണ്. താങ്കളുടെ വീട് മധുബനാണ്. അവസാന സമയം അഭയവും എവിടെയാണ് ലഭിക്കുക? മധുബനിൽ തന്നെ

ലഭിക്കണം. അതിനാലാണ് ഇവിടെ വലിയ വലിയ സ്ഥാനങ്ങൾ ഉണ്ടാക്കുന്നത്.

എല്ലാവരുടെയും ലക്ഷ്യവും ബാബയ്ക്ക് സമാനമാവുക എന്നുള്ളതാണ്. അപ്പോൾ മുഴുവൻ ദിവസവും ഈ ഡ്രിൽ ചെയ്യൂ – മനസ്സിന്റെ ഡ്രിൽ. ശരീരത്തിന്റെ ഡ്രിൽ ശാരീരിക ആരോഗ്യത്തിനായി ചെയ്യുന്നു. അത് ചെയ്തുകൊണ്ടിരിക്കണം, എന്തുകൊണ്ടെന്നാൽ ഇന്നത്തെക്കാലത്ത് മരുന്നിനെക്കാളും അത്യാവശ്യം വ്യായാമമാണ്. അപ്പോൾ വ്യായാമം സമയത്തിനനുസരിച്ച് നല്ലോണം ചെയ്യണം. സേവനത്തിന്റെ സമയത്ത് വ്യായാമം ചെയ്തുകൊണ്ടിരിക്കരുത്. ബാക്കിയുള്ള സമയത്ത് വ്യായാമം ചെയ്യുന്നത് വളരെ നല്ലതാണ്. അതിനോടൊപ്പം തന്നെ മനസ്സിന്റെ വ്യായാമവും ഇടയ്ക്കിടെ ചെയ്യണം. ബാബയ്ക്ക് സമാനമാകണമെങ്കിൽ ഒന്ന് നിരാകാരി സ്വരൂപം രണ്ടാമത് അവ്യക്ത ഫരിസ്ത. എപ്പോഴെല്ലാം സമയം ലഭിക്കുന്നുവോ സെക്കന്റിൽ ബാബയ്ക്ക് സമാനം നിരാകാരി സ്ഥിതിയിൽ സ്ഥിതി ചെയ്യൂ. ബാബയ്ക്ക് സമാനമാകണമെങ്കിൽ നിരാകാരി സ്ഥിതി ബാബയക്ക് സമാന സ്ഥിതിയാണ്. കാര്യങ്ങൾ ചെയ്യുമ്പോൾ ഫരിസ്തയായി കർമ്മങ്ങൾ ചെയ്യൂ. ഫരിസ്ത അർത്ഥം ഡബിൾ ലൈറ്റ് സ്ഥിതി. കാര്യങ്ങളുടെ ഭാരം പാടില്ല, കാര്യങ്ങളുടെ ഭാരം അവ്യക്ത ഫരിസ്തയാക്കാൻ അനുവദിക്കില്ല. അപ്പോൾ ഇടയ്ക്കിടെ നിരാകാരി സ്ഥിതിയുടെയും ഫരിസ്ത സ്ഥിതിയുടെയും മനസ്സിന്റെ വ്യായാമം ചെയ്യൂ എന്നാൽ ക്ഷീണം അനുഭവപ്പെടില്ല. ബ്രഹ്മാബാബയെ സാകാര രൂപത്തിൽ കണ്ടില്ലേ, ഡബിൾ ലൈറ്റ്. സേവനത്തിന്റെയും ഭാരമില്ല. അവ്യക്ത ഫരിസ്ത സ്വരൂപം. അങ്ങനെയെങ്കിൽ സഹജമായും ബാബയ്ക്ക് സമാനമായിത്തീരുന്നു. ആത്മാവും നിരാകാരിയാണ്, ആത്മാവ് നിരാകാരി സ്ഥിതിയിൽ സ്ഥിതി ചെയ്താൽ നിരാകാരി ബാബയെ സഹജമായും ഓർമ്മിക്കുവാൻ സാധിക്കും. ഈ ഓർമ്മ സഹജമായും സമാനമാക്കുന്നു. ഇപ്പോൾ തന്നെ ഒരു നിമിഷം നിരാകാരി സ്ഥിതിയിൽ സ്ഥിതി ചെയ്യുവാൻ സാധിക്കുമോ? (ബാപ്ദാദ ഡ്രിൽ ചെയ്യിച്ചു) ഈ അഭ്യാസവും ശ്രദ്ധയും നടക്കുമ്പോഴും കറങ്ങുമ്പോഴും കർമ്മങ്ങൾ ചെയ്യുമ്പോഴും ഇടയ്ക്കിടെ ചെയ്തുകൊണ്ടിരിക്കണം. ഈ അഭ്യാസം മനസാ സേവനം ചെയ്യുന്നതിലും സഹയോഗം നൽകുന്നു, ശക്തിശാലി യോഗത്തിന്റെ സ്ഥിതിയിലും വളരെയധികം സഹയോഗം നൽകുന്നു. ശരി.

ഡബിൾ വിദേശികളോട് – നോക്കൂ, ഡബിൾ വിദേശികൾക്ക് ഈ സീസണിലും എന്തെങ്കിലും കാരണങ്ങളാൽ എല്ലാ ഗ്രൂപ്പിലും അവസരം ലഭിക്കുന്നുണ്ട്. എല്ലാ ഗ്രൂപ്പുകളിലും വരാനുള്ള സ്വാതന്ത്ര്യമുണ്ട്. അപ്പോൾ ഇതും ഭാഗ്യമല്ലേ.. ഡബിൾ ഭാഗ്യം. അപ്പോൾ ഈ ഗ്രൂപ്പിലും ബാപ്ദാദ കാണുന്നു, കുറച്ചുപേർ ആദ്യമായി വന്നവരുണ്ട്. ബാപ്ദാദയുടെ ദൃഷ്ടി എല്ലാ ഡബിൾ വിദേശികളിലുമുണ്ട്. എത്രത്തോളം നിങ്ങൾക്ക് ബാബയോട് സ്നേഹമുണ്ടോ, അതിന്റെ പതിന്മടങ്ങ് ബാബയ്ക്ക് താങ്കളോടുണ്ട്. ശരിയല്ലേ.. കോടിമടങ്ങുണ്ടോ? താങ്കളുടെ സ്നേഹവും ആത്മാർത്ഥമായ സ്നേഹമാണ്, അതുകൊണ്ടാണ് ഇവിടെ വരെ എത്തിച്ചേർന്നത്. ഡബിൾ വിദേശികൾ ഈ ബ്രാഹ്മണ പരിവാരത്തിന്റെ അലങ്കാരമാണ്. പ്രത്യേക അലങ്കാരമാണ്. ബാപ്ദാദ കാണുന്നുണ്ട്, ഓരോ ദേശത്തിലും – ഓർമ്മയിലിരിക്കുന്നുണ്ട്, കേട്ടുകൊണ്ടിരിക്കുന്നുമുണ്ട്, അതിനോടൊപ്പം ഓർമ്മിക്കുന്നുമുണ്ട്. വളരെ നല്ലത്.

ടീച്ചേഴ്സ് – ടീച്ചേഴ്സിന്റെ കൂട്ടവും വളരെ വലുതാണ്. ബാപ്ദാദ ടീച്ചേഴ്സിനും ഒരു ടൈറ്റിൽ നൽകുന്നുണ്ട്. ഏത് ടൈറ്റിൽ? (ഫ്രെന്റ്സ്) എല്ലാവരും കൂട്ടുകാർ തന്നെയാണ്. ഡബിൾ വിദേശികൾ ആദ്യം ഫ്രെന്റ്സ് ആയിരുന്നല്ലോ. ഇവരുടെ ഈ സംബന്ധം വളരെ നല്ലതാണ്. ആരാണോ യോഗ്യരായ ടീച്ചർമാർ, എല്ലാവരെയുമല്ല, യോഗ്യ ടീച്ചേഴ്സിനെ ബാപ്ദാദ പറയുന്നത്, ഗുരുഭായി എന്നാണ്. എങ്ങനെയാണോ വലിയ കുട്ടികൾ അച്ഛന് സമാനമാകുന്നത്, അതുപോലെ ടീച്ചർമാരും ഗുരുഭായിയാണ്, എന്തുകൊണ്ടെന്നാൽ സദാ ബാബയുടെ സേവനത്തിന് നിമിത്തമാണ്. ബാബയ്ക്ക് സമാനം സേവാധാരിയാണ്. ടീച്ചർമാർക്ക് ബാബയുടെ സിംഹാസനമാണ് ലഭിക്കുന്നത്. മുരളി കേൾപ്പിക്കുന്നതിനു വേണ്ടി. ഗുരുവിന്റെ ഗദ്ദി ലഭിക്കുന്നതു പോലെ. അതിനാൽ ടീച്ചർമാർ അർത്ഥം നിരന്തര സേവാധാരികൾ. മനസാ സേവനമാണെങ്കിലും, വാചാ സേവനമാണെങ്കിലും, സംബന്ധസമ്പർക്കത്തിലൂടെയുള്ള സേവനമാണെങ്കിലും, കർമ്മണാ സേവനമാണെങ്കിലും – സദാ സേവാധാരിയാണ്. അങ്ങനെയല്ലേ.. വിശ്രമ പ്രിയരല്ലല്ലോ. സേവാധാരിയാണ്. സേവ, സേവ, സേവ. ശരിയല്ലേ. നല്ലത്.

സേവനത്തിന്റെ അവസരം ദില്ലി ആഗ്രാ സോണിനാണ് –

ആഗ്രാ സാഥിയാണ്. ദില്ലിയുടെ സൈന്യം വളരെ വലുതാണ്. ശരി, ദില്ലിയിലാണ് സ്ഥാപനയുടെ അടിത്തറയുള്ളത്, ഇത് വളരെ നല്ലതാണ്. ഇപ്പോൾ ബാബയെ പ്രത്യക്ഷപ്പെടുത്തുന്നതിന്റെ അടിത്തറ എവിടുന്നാണുണ്ടാകുക? ദില്ലിയിൽ നിന്നാണോ മഹാരാഷ്ട്രയിൽ നിന്നാണോ? കർണ്ണാടകത്തിൽ നിന്നാണോ, ലണ്ടനിൽ നിന്നാണോ... എവിടെ നിന്നുണ്ടാകും? ദില്ലിയിൽ നിന്നുണ്ടാകുമോ? നിരന്തര സേവനവും തപസ്യയും ചെയ്യൂ. സേവനത്തിന്റെയും തപസ്യയുടെയും ബാലൻസിലൂടെയാണ് പ്രത്യക്ഷതയുണ്ടാകുക. എങ്ങനെയാണോ സേവനത്തിന്റെ ഡയലോഗ് ഉണ്ടാക്കിയത്, അതുപോലെ ദില്ലിയിൽ തപസ്യയെക്കുറിച്ച് വർണ്ണിക്കുന്നതിന്റെ ഡയലോഗ് ഉണ്ടാക്കൂ, അപ്പോൾ ദില്ലിയെ ദില്ലി എന്ന് പറയാം. ദില്ലി ബാബയുടെ ഹൃദയം തന്നെയാണ്, എന്നാൽ ബാബയ്ക്ക് ഹൃദയത്തിനിഷ്ടപ്പെട്ട കാര്യങ്ങളും

ചെയ്തു കാണിക്കൂ. പാണഡവർ പറയൂ, ചെയ്യേണ്ടേ.. ചെയ്യും തീർച്ചയായും ചെയ്യും. ഈ രീതിയിലുള്ള തപസ്യ ചെയ്യണം, എല്ലാ ശലഭങ്ങളും ബാബാ-ബാബാ എന്ന് പറഞ്ഞ് ദില്ലിയുടെ വിശേഷ സ്ഥാനത്ത് എത്തിച്ചേരണം. ശലഭങ്ങൾ ബാബാ-ബാബാ എന്ന് പറഞ്ഞ് വരുമ്പോഴാണ് പ്രത്യക്ഷതയുണ്ടാകുന്നത്. അപ്പോൾ ഇങ്ങനെ ചെയ്യണം. അടുത്ത വർഷം ഈ ഡയലോഗ് നടത്തണം, ഇതിന്റെ റിസൾട്ട് കേൾപ്പിക്കണം - എത്ര ഈയാമ്പാറ്റകൾ ബാബാ-ബാബാ എന്ന് പറഞ്ഞ് സ്വാഹാ ചെയ്തു? ശരിയല്ലേ? വളരെ നല്ലത്, മാതാക്കളും ധാരാളമുണ്ട്.

കുമാർ-കുമാരിമാർ - പകുതി ഹാൾ കുമാർ-കുമാരിമാരാണല്ലോ. കുമാർ-കുമാരിമാർക്ക് ശബാഷ്. കുമാർ-കുമാരിമാർ ജ്വാലാ രൂപരായി ആത്മാക്കളെ പാവനമാക്കി മാറ്റുന്നവരാണ്. കുമാർ-കുമാരിമാർക്ക് മറ്റുള്ളവരുടെ മേൽ ദയ തോന്നണം, ഇന്നത്തെ കുമാർ-കുമാരിമാർ എത്രയാണ് അലയുന്നത്. അലയുന്ന ഹംജിൻസ്(സമാനതലത്തിലുള്ളവർക്ക്) വഴി പറഞ്ഞു കൊടുക്കൂ. ശരി, ഏതെല്ലാം കുമാർ-കുമാരിമാരാണോ വന്നിരിക്കുന്നത്, ഇവരിൽ ആരാണോ ഈ മുഴുവൻ വർഷവും ആത്മാക്കളുടെ സേവനത്തിൽ മറ്റുള്ളവരെ തനിക്കു സമാനമാക്കി മാറ്റിയത്, അവർ ഉയരത്തിൽ കൈകൾ ഉയർത്തൂ. കുമാരിമാർ തനിക്കു സമാനമാക്കി മാറ്റിയോ? നല്ല പ്ലാനുകൾ ഉണ്ടാക്കുന്നു. ഹോസ്റ്റലിൽ താമസിക്കുന്നവർ കൈകൾ ഉയർത്തുന്നു. ഇപ്പോഴും സേവനത്തിന്റെ തെളിവ് നൽകിയിട്ടില്ല. അപ്പോൾ കുമാർ-കുമാരിമാർക്ക് സേവനത്തിന്റെ തെളിവ് നൽകണം. ശരിയല്ലേ. നല്ലത്.

നാനാവശത്തെയും വിജയിരത്നങ്ങൾക്ക്, സദാ നിശ്ചയബുദ്ധി സഹജമായും സഫലതാ മൂർത്തികളായ കുട്ടികൾക്ക്, സദാ എന്റെ ബാബാ എന്ന അധികാരത്തോടെ ഓരോ സേവനത്തിലും സഫലത പ്രാപ്തമാക്കുന്ന സഫലതാമൂർത്തികളായ കുട്ടികൾക്ക്, സദാ സമാധാന സ്വരൂപരായി സമസ്യകളെ പരിവർത്തനപ്പെടുത്തുന്ന, പരിവർത്തക ആത്മാക്കൾക്ക്, ഇങ്ങനെയുള്ള ശ്രേഷ്ഠരായ കുട്ടികൾക്ക്, സദാ ബാബയെ പ്രത്യക്ഷപ്പെടുത്തുന്നതിന്റെ പ്ലാനുകളെ പ്രത്യക്ഷത്തിലേക്ക് കൊണ്ടു വരുന്ന കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണകളും, ആശംസകളും, അക്ഷൗഹിണി തവണ ആശംസകളും നമസ്കാരവും.

ദാദിജിയോട് - എല്ലാവർക്കും താങ്കളോട് സ്നേഹമുണ്ട്, ബാബയ്ക്കും താങ്കളോട് സ്നേഹമുണ്ട്. (രതൻമോഹിനി ദാദിയോട്) സഹയോഗിയാകുന്നതിലൂടെ സൂക്ഷ്മത്തിൽ വളരെയധികം പ്രാപ്തികൾ ലഭിക്കുന്നുണ്ട്. അങ്ങനെയല്ലേ... ആദി രത്നങ്ങളാണ്. ആദി രത്നം ഇപ്പോഴും നിമിത്തമാണ്. ശരി. ഓംശാന്തി.

## വരദാനം - സർവ്വതും അങ്ങയുടെത്-അങ്ങയുടെത് എന്ന് പറഞ്ഞ്, എന്റേത് എന്നതിന്റെ അംശ മാത്ര പോലും സമാപ്തമാക്കുന്ന ഡബിൾ ലൈറ്റായി ഭവിയ്ക്കട്ടെ.

ഏതൊരു പ്രകാരത്തിലുള്ള എന്റേത് എന്നതും - എന്റെ സ്വഭാവം, എന്റെ സംസ്കാരം.... എന്റേത് എന്നത് എന്തു തന്നെയായാലും അത് ഭാരമാണ്. ഭാരമുള്ളവർക്ക് പറക്കുവാൻ സാധിക്കില്ല. ഈ എന്റേത് എന്നതാണ് മലിനമാക്കുന്നത്. അതിനാൽ ഇപ്പോൾ എല്ലാം ബാബയുടെത് എന്നാക്കി മാറ്റി സ്വച്ഛമാകൂ. ഫരിസ്ത അർത്ഥം തന്നെ എന്റേത് എന്നതിന്റെ അംശമാത്ര പോലുമില്ല. സങ്കല്പത്തിൽ പോലും എന്റേത് എന്നതിന്റെ ഭാരം വരികയാണെങ്കിൽ മലിനമായി എന്ന് മനസ്സിലാക്കിക്കോളൂ. അപ്പോൾ ഈ അഴുക്കിന്റെ ഭാരത്തെ സമാപ്തമാക്കി, ഡബിൾ ലൈറ്റായി മാറൂ.

## സ്ലോഗൻ - ആരാണോ ബാപ്ദാദയെ തന്റെ നയനങ്ങളിൽ ഉൾക്കൊള്ളിക്കുന്നത്, അവരാണ് ലോകത്തിലെ പ്രകാശം.